# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2758** 12.03.2018-ന് മറുപടിയ്ക്ക്

**<u>കൊല്ലങ്കോട് ബൈപാസ്സ് - ഭൂമി ഏറ്റെടുക്കുന്ന നടപടി</u>**

| ചോദ്യം<br>ശ്രീ.കെ. ബാബു | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) നെന്മാറ നിയോജകമണ്ഡലത്തിലെ കൊല്ലങ്കോട് ബൈപാസ്സ് റോഡിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ഏത് ഘട്ടം വരെയായെന്ന് വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത റോഡിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും ഇനി എന്തെല്ലാം നടപടികൾ പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കുമോ;<br><br>(സി) ഭൂമി അളന്ന് തിട്ടപ്പെടുത്താൻ ആവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (എ) യും (ബി) യും (സി) യും നെന്മാറ നിയോജകമണ്ഡലത്തിലെ കൊല്ലങ്കോട് ബൈപാസ്സ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിശ്ചിത മാതൃകയിലുള്ള അപേക്ഷ, ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ സ്കെച്ച്, പട്ടിക എന്നിവ അർത്ഥനാധികാരി ജില്ലാ കളക്ടറേറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തി പ്രസ്തുത പദ്ധതിക്കുള്ള ഭരണാനുമതി പൊതുമരാമത്ത് വകുപ്പ് നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ല. ഭരണാനുമതി ലഭിച്ചതിനുശേഷം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഹൈ ലെവൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതും, കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി സ്ഥലമേറ്റെടുക്കൽ നടപടിക്കുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ